പഞ്ചായത്തുകളിൽ നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന അടിസ്ഥാനത്തിൽ 126 എണ്ണം ഉടനെ തന്നെ തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സ്ഥലം എം.എൽ.എ.യുടെ നിർദ്ദേശവും വിപണന സാദ്ധ്യതയും പരിഗണിച്ചാണ് മാവേലി സ്റ്റോറുകൾക്ക് സ്ഥലനിർണ്ണയം നടത്തുന്നത്.

**115 (1475) സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പ്രവർത്തിപ്പിക്കാൻ നടപടി**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിലെ കാട്ടിലപീടികയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിലൂടെ അവശ്യ സാധനങ്ങൾ എത്തിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത ആവശ്യമടങ്ങുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) കാട്ടിലപീടികയിൽ സഞ്ചരിക്കുന്ന മാവേലി സംവിധാനം ഏർപ്പെടുത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്. ചേമഞ്ചേരി പഞ്ചായത്തിലെ തന്നെ വികാസ് നഗറിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മൊബൈൽ മാവേലി ഇപ്പോൾ പ്രവർത്തിക്കുന്നതിനാൽ നിലവിലുള്ള നിബന്ധനകളനുസരിച്ച് പ്രസ്തുത പഞ്ചായത്തിലെ തന്നെ മറ്റു പ്രദേശങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

**116 (1476) പുതിയ മാവേലി സ്റ്റോർ**

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിലെ ഓടയംചാൽ എന്ന സ്ഥലത്ത് ഒരു മാവേലിസ്റ്റോർ തുടങ്ങണം എന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് മാവേലിസ്റ്റോർ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഓടയംചാൽ എന്ന സ്ഥലത്ത് മാവേലിസ്റ്റോർ തുറക്കാനാണ് നടപടി സ്വീകരിച്ചിരുന്നത്. എന്നാൽ സ്ഥലം എം.എൽ.എ. മടിക്കൈ പഞ്ചായത്തിലുള്ള അരിക്കുളം എന്ന സ്ഥലത്ത് മാവേലിസ്റ്റോർ വേണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly